**കേരളസർക്കാർ**

**സാംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ അസിസ്റ്റന്റ് ടൗൺ പ്ലാനർ ശ്രീ. അരുൺ ജോസഫ് - ഡെപ്യൂട്ടി ടൗൺ പ്ലാനറുടെ പൂർണ്ണ അധികച്ചുമതല നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ) നം. 200/ 2019/ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം 30/01/2019**

---

പരാമർശം:- 1. 20.01.2016 ലെ സ.ഉ.(സാധാ) നം. 7/16/ധന.

2. മുഖ്യനഗരാസൂത്രകന്റെ 27.07.2017 ലെ എ 3/8050/2017 നമ്പർ നടപടിക്രമം

3. മുഖ്യനഗരാസൂത്രകന്റെ 09.10.2018 ലെ എ 5/10747/2017 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം നഗരാസൂത്രണ കാര്യാലയത്തിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ആയിരുന്ന ശ്രീ. എച്ച്. അബ്ദുൾ വഹാബിന് പരാമർശം 2 പ്രകാരം പരിവർത്തിതാവധി അനുവദിക്കുകയും ടിയാന്റെ ഔദ്യോഗിക ചുമതലകൾ ശ്രീ. അരുൺ ജോസഫ്, അസിസ്റ്റന്റ് ടൗൺ പ്ലാനർക്ക് കൈമാറുകയും ചെയ്തിരുന്നു. ടിയാൾ ടി തസ്തികയിൽനിന്നും വിടുതൽ ചെയ്തതിനെത്തുടർന്ന് 12.06.2017 മുതൽ 29.06.2017 വരെ ടി തസ്തികയുടെ പൂർണ്ണ അധികച്ചുമതല ശ്രീ. അരുൺ ജോസഫ്, അസിസ്റ്റന്റ് ടൗൺ പ്ലാനർക്ക് നൽകിയിരുന്നതായും ടി നടപടി സാധൂകരിച്ച് നൽകണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 3 പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീ. എച്ച്. അബ്ദുൾ വഹാബിന് പരിവർത്തിതാവധി അനുവദിച്ചതിനെത്തുടർന്ന് ടി തസ്തികയുടെ പൂർണ്ണ അധികച്ചുമതല ശ്രീ. അരുൺ ജോസഫ്, അസിസ്റ്റന്റ് ടൗൺ പ്ലാനർക്ക് നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എസ്. മോഹൻദാസ്**
**അഡിഷണൽ സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീ. അരുൺ ജോസഫ്, അസിസ്റ്റന്റ് ടൗൺ പ്ലാനർ,
നഗരഗ്രാമാസൂത്രണ വകുപ്പ്. (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ